# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ
## ബാംഗ്ലൂർ ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്ത
## ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

C. No. 04/2025

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

പ്രിയരെ, പരിശുദ്ധ ശ്ലീഹാ നോമ്പ് ജൂൺ മാസം പതിനാറാം തീയതി ആരംഭിക്കുകയാണ്. കർത്താവിനാൽ തെരഞ്ഞെടുക്കപ്പെട്ട് കർത്താവിനുവേണ്ടി, സുവിശേഷത്തിനു വേണ്ടി ജീവിച്ച പരിശുദ്ധ ശ്ലീഹന്മാരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് പ്രാർത്ഥിക്കുന്ന ദിനങ്ങളാണ്. നോമ്പ് അനുഷ്ഠിക്കുവാനും പ്രാർത്ഥിക്കുവാനും അനുഗ്രഹം പ്രാപിക്കുവാനും ഇടയാകണം. ശ്ലീഹന്മാരെപോലെ സുവിശേഷത്തിൽ തീക്ഷ്ണത ഉള്ളവരായി ദൈവത്തിനുവേണ്ടി ജീവിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വീണ്ടും പ്രിയരെ, നമ്മുടെ ഭദ്രാസന വൈദികദിനം ശ്ലീഹാനോമ്പിലെ ആദ്യ‌ഞായറാഴ്ചയാണ് നാം ആചരിക്കുന്നത്. അതിൻപ്രകാരം ഈ വർഷം ജൂൺ മാസം 22-ാം തീയതി വൈദിക ദിനമായി നാം കൊണ്ടാടുകയാണ്. അന്നേദിവസം എല്ലാ ദേവാലയങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേ നമ്മുടെ വൈദികർക്കും അവരുടെ കുടുംബങ്ങൾക്കും വേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തണം. വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഭവനത്തിൽ പ്രാർത്ഥിക്കണം. വൈദികദിനത്തോടനുബന്ധിച്ച് നാം ഏർപ്പെടുത്തിയിരിക്കുന്ന കവർപിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും പരിശ്രമിക്കണം. നമ്മുടെ വൈദികക്ഷേമത്തിനായി നാം നടത്തുന്ന പദ്ധതികൾ എല്ലാം തന്നെ ഈ കവർപിരിവിനെ ആശ്രയിച്ചാണ് മുമ്പോട്ട് പോകുന്നത് എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതിനാൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. എല്ലാ ഭവനങ്ങളിലും വൈദികദിനകവറുകൾ എത്തി എന്ന് വികാരിമാരും മറ്റു ചുമതലക്കാരും ഉറപ്പുവരുത്തുകയും സാമ്പത്തികമായി സഹായിക്കുവാൻ സാധിക്കുന്ന ആളുകളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കണം എന്നും നാം അറിയിക്കുന്നു. സഭാശുശ്രൂഷകൾക്കായി ജീവിതം സമർപ്പിച്ചിരിക്കുന്ന വൈദികരെയും കുടുംബങ്ങളെയും ഓർക്കുവാനും അവരെ കരുതുവാനും, അവരുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും, സഭാസേവനങ്ങളിൽ ഉറച്ച് പിന്തുണ നൽകുവാനും എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം എന്നും നാം ഓർമ്മിപ്പിക്കുന്നു.

*ശേഷം പിന്നാലെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ ഏവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**

2025 ജൂൺ മാസം 10-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും